*ഭരണഭാഷ മാതൃഭാഷ*

ബി2/38443/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 16/11/2016

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്- സർക്കാർ കോളേജ് അദ്ധ്യാപകർ ഓറിയന്റേഷൻ കോഴ്സുകൾ, സെമിനാർ, ഹ്രസ്വകാല കോഴ്സുകൾ, ട്രെയനിംഗ് പ്രോഗ്രാമുകൾ etc. - പങ്കെടുക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്

സർക്കാർ കോളേജുകളിലെ അദ്ധ്യാപകർ ഒരു അക്കാദമിക് വർഷം ഒന്നിലധികം തവണ കോഴ്സുകൾ/പ്രോഗ്രാമുകൾ പങ്കെടുക്കുന്നതിനായി യാത്ര ചെയ്യുന്നതായും, ഒന്നിലധികം അദ്ധ്യാപകർ ഒരേ സമയം ഒരു സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യുന്നതായും ഉള്ള വിവരം ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. നിലവിലെ ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് ഇത്തരം യാത്രകൾക്ക് 10 ദിവസങ്ങൾ മാത്രമേ ഡ്യൂട്ടിയായി പരിഗണിക്കാൻ വ്യവസ്ഥ ചെയ്യുന്നുള്ളൂ. (Read G.O (M.S) No.262/2015/H.Edn dated: 15/06/2015) ടി പ്രോഗ്രാമുകളിൽ പങ്കെടുക്കാൻ അദ്ധ്യാപകർ വിടുതൽ ചെയ്യുമ്പോൾ വിദ്യാർത്ഥികളുടെ ക്ലാസ്സ് മുടക്കം വരാതിരിക്കാൻ അതാത് വകുപ്പ് മേധാവികൾ പ്രിൻസിപ്പാളിന്റെ അംഗീകാരത്തോടെ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതും ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഉണ്ടാകുന്ന പകരം സംവിധാനം സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കാൻ പാടുള്ളതല്ല. അല്ലാത്ത പക്ഷം അദ്ധ്യാപകർ കോളേജിൽ നിന്നും വിടുതൽ ചെയ്യുന്നത് അംഗീകാരമില്ലാത്ത യാത്രയായി കണക്കാക്കുന്നതാണ്. ഒരു അക്കാദമിക് വർഷം അദ്ധ്യാപകർ എത്ര പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നു എന്നതിന്റെ വിശദമായ വിവരം പ്രിൻസിപ്പാൾ പരിശോധിച്ച് അപേക്ഷയോടൊപ്പം അറിയിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ അതാത് കോളേജ് ഓഫീസുകളിൽ സൂക്ഷിക്കേണ്ടതും ഓഡിറ്റിനു വിധേയമാക്കേണ്ടതുമാണ്. പ്രിൻസിപ്പാൾമാർ വസ്തുതകൾ പരിശോധിച്ച് മേൽ വിവരിച്ച രേഖകൾ സഹിതം അർഹരായ അദ്ധ്യാപകരുടെ അപേക്ഷകൾ മാത്രമേ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമക്ഷം അറിയിപ്പ്/അനുമതിയ്ക്കായി സമർപ്പിക്കേണ്ടതായിട്ടുള്ളൂ. അല്ലാത്ത പക്ഷം അവ നിരസിക്കേണ്ടതാണ്. നിലവിലെ സർക്കാർ ഉത്തരവിൽ അദ്ധ്യാപകർ നിർബന്ധമായും പങ്കെടുക്കേണ്ട യു.ജി.സി സ്കീം പ്രോഗ്രാമുകൾക്ക് (റിഫ്രഷർ / ഓറിയന്റേഷൻ പ്രോഗ്രാമുകൾ) കൂടുതൽ സമയം

അനുവദിയ്ക്കുന്നുണ്ട്. എന്നാൽ ഇത്തരം നിർബന്ധമായും അദ്ധ്യാപകർ പങ്കെടുക്കേണ്ട പ്രോഗ്രാമുകളിൽ അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുമ്പുതന്നെ പ്രസ്തുത കോഴ്സ്/സെമിനാർ എന്നിവ ബന്ധപ്പെട്ട വിഷയവുമായി ബന്ധപ്പെട്ട അദ്ധ്യാപകർ തന്നെയാണൊ അപേക്ഷിച്ചിരിക്കുന്നതെന്നും കൃത്യമായ മാനദണ്ഡം പാലിക്കുന്നുണ്ടോ എന്ന് പ്രിൻസിപ്പാൾ ഉറപ്പു വരുത്തണം. മേൽ സാഹചര്യത്തിൽ അദ്ധ്യാപകർ വിദ്യാർത്ഥികളുടെ പഠനത്തിന് മുടക്കം ഉണ്ടാകുന്ന തരത്തിൽ ഓറിയന്റേഷൻ കോഴ്സുകൾ/ട്രെയനിംഗ് കോഴ്സുകൾ/ മറ്റ് ഹ്രസ്വകാല പ്രോഗ്രാമുകൾ ഇവയിൽ പങ്കെടുക്കുന്നത് പ്രിൻസിപ്പാൾമാർ നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്. പ്രിൻസിപ്പാളിന്റെ മുൻകൂർ അനുമതിയില്ലാതെ പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നതിന് അദ്ധ്യാപകർ നടത്തുന്ന യാത്രകൾ ഈ കാര്യാലയത്തിൽ അറിയിക്കുവാനും അത്തരക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ് എന്നുള്ള വിവരവും എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാരേയും അറിയിക്കുന്നു.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1. എല്ലാ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾമാർക്കും
2. സി.എ - ഡയറക്ടർ
3. സി.എ - സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
4. അക്കൗണ്ട്സ് ഓഫീസർ (എ, ബി& ഓഡിറ്റ്)
5. സൂപ്രണ്ട് - എ & ബി സെക്ഷൻ
6. സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്)
7. എ, ബി സെക്ഷനുകളിലെ എല്ലാ സീറ്റുകൾക്കും
8. നടപ്പ് ഫയൽ / കരുതൽ ഫയൽ

എസ്.ഒ/16/11/2016